'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) - വട്ടിയൂർക്കാവ് ജംഗ് ഷൻ വികസന പദ്ധതി (KIIFB പ്രോജക്ട്) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്നവർക്കുള്ള പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി 45 കോടിയുടെ പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1867/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/08/2019

പരാമർശം:- 1 24.11.2015 ലെ സ.ഉ.(സാധാ.)നം.6203/2015/ റ.വ.

2 06.07.2017 ലെ സ.ഉ.(സാധാ.)നം.4208/2017/ റ.വ.

3 23.08.2017- ലെ സ.ഉ.(സാധാ.)നം.2899/2017/ ത.സ്വ.ഭ.വ.

4 08.01.2018 ലെ സ.ഉ.(സാധാ)നം. 122/2017/Plg.

5 22.0302019 ലെ കെ3-61043/2017 നമ്പർ വിജ്ഞാപനം.

6 വട്ടിയൂർക്കാവ് ജംഗ് ഷൻ വികസനം KIIFB മുഖേന നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ബഹു.റവന്യൂ വകുപ്പ് മന്ത്രി, ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി എന്നിവരുടെ സംയുക്ത അദ്ധ്യക്ഷതയിൽ 24.07.2019 ന് ചേർന്ന യോഗ തീരുമാനം.

7 ട്രിഡ സെക്രട്ടറിയുടെ 14.08.2019 ലെ എസ്റ്റ്1/1827/2008/ട്രിഡ നമ്പർ കത്ത്.

8 30/08/2019 ലെ സ.ഉ(സാധാ)നം.1865/2019/തസ്വഭവ .

**ഉത്തരവ്**

വട്ടിയൂർക്കാവ് ജംഗ് ഷൻ വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് (through direct/negotiated purchase) ജില്ലാ കളക്ടർക്ക് അനുമതി നല്കി പരാമർശം 1 & 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ടി പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വയറിംഗ് ബോഡിയായി ട്രിഡയെ പരാമർശം 3 പ്രകാരം നാമകരണം ചെയ്യുകയും, പരാമർശം 4 പ്രകാരം ടി പദ്ധതിയ്ക്ക് 45 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ പൊന്നുംവില നടപടികൾക്കുള്ള ഫണ്ട് അനുവദിച്ചു കിട്ടാത്തതിനാൽ പരാമർശം 5 പ്രകാരം

പൊന്നുവില നടപടിയുടെ വിജ്ഞാപനം റദ്ദു ചെയ്തു കൊണ്ട് ജില്ലാ കളക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചു.

2. പരാമർശം 6 ലെ യോഗതീരുമാന പ്രകാരം, വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം KIIFB മുഖേന നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചു. തുടർന്ന് പരാമർശം 8 പ്രകാരം ട്രിഡയെ വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ (KIIFB പ്രോജക്റ്റ്) എസ്.പി.വി ആയി നിയമിച്ചിട്ടുണ്ട്. മേല്പറഞ്ഞ പ്രകാരം ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിനുള്ള ഭൂമി ഏറ്റെടുക്കുന്ന പദ്ധതി KIIFB മുഖേന നടപ്പിലാക്കുന്നതിനായി 45 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകണമെന്ന് ട്രിഡ സെക്രട്ടറി പരാമർശം 7 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്നവർക്കുള്ള പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി KIIFB മുഖേന നടപ്പിലാക്കുന്നതിനായി 45 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽബിഎ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
റവന്യൂ വകുപ്പ്.
പൊതുമരാമത്ത് വകുപ്പ്
ജില്ലാ കളക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, എ.െ.കെ.എം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ